I ഇ.ബി. XIV - കേരള നിയമസഭ /V-10

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 10, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

നാണ്യവിളകളുടെ വിലത്തകർച്ച

മി. സ്പീക്കർ: റബ്ബർ, കുരുമുളക്, ഏലം തുടങ്ങിയ നാണ്യവിളകളുടെ വിലത്തകർച്ചമൂലം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷവും സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച വിലസ്ഥിരതാ ഫണ്ട് പദ്ധതി നിശ്ചലമായതിനാലും ആഭ്യന്തര മാർക്കറ്റിലെ സംഭരണം നിലച്ചതുമൂലവും

കൃഷിക്കാർക്ക് നൽകാനുള്ള കുടിശ്ശിക നൽകാത്തതിനാലും കർഷകർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ. എം. ഷാജി, അനൂപ് ജേക്കബ്, കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സംസ്ഥാനത്ത് വിലസ്ഥിരതാ ഫണ്ടിനുപകരം പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമാണുള്ളത്. ധനകാര്യ വകുപ്പുമുഖേന നടത്തുന്ന ഈ സ്കീം പ്രകാരം 748 കോടി രൂപയാണ് വിതരണം ചെയ്തിട്ടുള്ളത്. റബ്ബർ ബോർഡിന്റെ ക്ലെയിമനുസരിച്ച് ഇൻസെന്റീവ് കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് ഇ-ട്രാൻസ്ഫർ ചെയ്തുവരുന്നു. 150 രൂപ താങ്ങുവില കണക്കാക്കി പരമാവധി 1800 കിലോ റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് ആനുകൂല്യം ലഭിക്കുന്നത്. 2 ആഴ്ച കൂടുമ്പോഴാണ് ഈ തുക റിലീസ് ചെയ്യുന്നത്. ധനകാര്യ വകുപ്പിൽനിന്നും 11 കോടി രൂപ റിലീസ് ചെയ്തെങ്കിലും എസ്.ബി.ടി., എസ്.ബി.ഐ. ലയന നടപടികളിൽ വന്ന കാലതാമസംമൂലം ഏപ്രിൽ അവസാനത്തോടെയാണ് കൃഷിക്കാരുടെ അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറാനായത്. ഡ്രൈ റബ്ബറിന്റെ വില 25 ശതമാനം വർദ്ധിപ്പിച്ച് ലാറ്റക്സിന്റെ

ഇറക്കുമതി തീരുവ 70 ശതമാനമാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടെങ്കിലും ലോക വ്യാപാരകരാറിലേയും ആസിയാൻ കരാറിലേയും വ്യവസ്ഥകൾപ്രകാരം സാധ്യമല്ലായെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. നോട്ട് നിരോധനംമൂലം സ്റ്റോക്ക് കൂടുതൽ സൂക്ഷിച്ചതിനാൽ സംഭരിച്ച കുരുമുളകും ഏലവും മാർക്കറ്റിൽ വന്നതിന്റേയും വിദേശത്തുനിന്ന് ഇറക്കുമതി ചെയ്തതിന്റേയും അടിസ്ഥാനത്തിൽ കുരുമുളകിന്റേയും ഏലത്തിന്റേയും വിലയിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാൻ കാരണമായിട്ടുണ്ടെങ്കിലും അത് സ്റ്റെബിലൈസ് ചെയ്യാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. നിലവിൽ 6 കോടി രൂപയുടെ ക്ലെയിം പൂർത്തീകരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: നാണ്യവിളകളുടെ വിലയിടിവ് കർഷകരുടെ പ്രതീക്ഷകളെ തകർത്തിരിക്കുകയാണ്. കേന്ദ്ര സർക്കാർ റബ്ബർ നയം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും അതിൽനിന്ന് പിന്നോട്ടു പോയി. ഇക്കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച സമിതി വിലയിടിവിന് പരിഹാരം കണ്ടെത്തിയില്ലെങ്കിൽ കർഷകർ കൃഷി ഉപേക്ഷിച്ചു പോകുമെന്നും അതുകൊണ്ട് സബ്സിഡി വർദ്ധിപ്പിക്കണമെന്നും ഇറക്കുമതി നിയന്ത്രിക്കണമെന്നും ശിപാർശ ചെയ്തിരുന്നു. റബ്ബർ തടിയെ കാർഷിക ഉത്പന്നമായി കണക്കാക്കുകയും കേരളത്തിന്റെ ഉത്പാദനച്ചെലവ് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമാണെന്ന്

മനസ്സിലാക്കി കൃഷിക്കാരെ രക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും കേന്ദ്ര സർക്കാർ അത് നടപ്പാക്കിയില്ല. രാജ്യത്തിന്റെ 90 ശതമാനം റബ്ബറും ഉത്പാദിപ്പിക്കുന്ന കേരളത്തിലെ കർഷകരെ ഗുരുതരമായി ബാധിക്കുന്ന ഈ വിഷയത്തോട് നിഷേധാത്മക സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. സ്വാഭാവിക റബ്ബറിന്റെ വില കുറയുന്നതിൽ പരിഹാരം കാണേണ്ട റബ്ബർ ബോർഡിന്റെ പ്രവർത്തനവും പരാജയമാണ്. ഈ വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ സാധിക്കുന്നില്ലെന്ന ദയനീയാവസ്ഥയാണ് നിലനിൽക്കുന്നത്. കുട്ടനാട്ടിലേയും പാലക്കാട്ടേയും നെൽകർഷകർക്ക് നൽകാനുള്ള സംസ്ഥാന വിഹിതം കുടിശ്ശികയാണ്. രോഗബാധമൂലം താറാവുകൾ ചത്തൊടുങ്ങിയപ്പോൾ മതിയായ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിൽ സർക്കാർ വീഴ്ച വരുത്തിയിരിക്കുകയാണ്. കാർഷിക കടാശ്വാസ കമ്മീഷന് ഫണ്ട് നൽകാത്തതിനാൽ നിർജ്ജീവാവസ്ഥയിലാണെന്നതും കർഷകർക്ക് കുറഞ്ഞ നിരക്കിൽ വായ്പയനുവദിക്കുന്ന പ്രൈമറി ക്രെഡിറ്റ് സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകേണ്ട സബ്സിഡി തുക നാളിതുവരെ നൽകാൻ തയ്യാറാകാത്തതും ഖേദകരമാണ്. ഉത്പാദനത്തിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്ന കണ്ണൂർ ജില്ലയിൽനിന്നും കശുവണ്ടി സംഭരിക്കാൻ തയ്യാറായിട്ടില്ല. വിദേശ രാജ്യങ്ങളിൽ നിന്നും അവ ഇറക്കുമതി ചെയ്യുന്നതിനാണ് സർക്കാരിന് താല്പര്യം. വന്യമൃഗ

ശല്യംമൂലമുള്ള കാർഷികപ്രതിസന്ധിയിൽനിന്നും കർഷകരെ രക്ഷിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : ലോക മാർക്കറ്റിലേയ്ക്കുള്ള റബ്ബറിന്റെ വരവും പെട്രോളിയം ഉല്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുമാണ് റബ്ബറിന്റെ വിലത്തകർച്ചയ്ക്ക് കാരണമായിത്തീരുന്നത്. സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു വ്യവസായം ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ഈ വർഷം ഗവൺമെന്റ് അതിനായി കോട്ടയം കേന്ദ്രീകരിച്ച് അഗ്രോപാർക്ക് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അഡ്വാൻസ് ലൈസൻസ് ആതറൈസേഷൻ മുഖാന്തിരം സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നത് നിർത്തിവയ്ക്കണമെന്നും മിനിമം സപ്പോർട്ട് പ്രൈസ് കൂടി ബാധകമാകണമെന്നുമുള്ള കേരളത്തിന്റെ നിർദ്ദേശം യു.പി.എ. ഗവൺമെന്റും തുടർന്നുവന്ന എൻ.ഡി.എ. ഗവൺമെന്റും അംഗീകരിച്ചില്ല. റോഡ് നയത്തിൽ മാറ്റം വരുത്തുമ്പോൾ റബ്ബർ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അത് ഈ വ്യവസായത്തെ സഹായിക്കുമെന്നും മാത്രമാണ് കേന്ദ്ര സർക്കാരിനെ സമീപിച്ചപ്പോൾ മറുപടി ലഭിച്ചത്. വിലയിടിവുമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം ഒഴിവാക്കാനായി താങ്ങുവിലയായ 150 രൂപയ്ക്കാണ് സംസ്ഥാന സർക്കാർ റബ്ബർ

സംഭരിച്ചുവരുന്നത്. റബ്ബർ തോട്ടങ്ങളിൽ ഇടവിളകൃഷി നടപ്പാക്കുന്നതിന് 5.36 കോടി രൂപയുടെ ഒരു സ്കീം കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കർഷകർക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പുതിയ ഇൻഷ്വറൻസ് സ്കീം പാലക്കാട്, കോട്ടയം ജില്ലകളിൽ നടപ്പാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. റബ്ബർ ബോർഡിന്റെ ആസ്ഥാനം കേരളത്തിൽനിന്നും മാറ്റരുതെന്നും റീജിയണൽ ഓഫീസുകൾ നിർത്തലാക്കരുതെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബറിന് സബ്സിഡി നൽകാൻ കഴിയാത്ത സാഹചര്യത്തിലാണ് പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന് സംസ്ഥാന സർക്കാർ രൂപം നൽകിയത്. കുരുമുളകിന്റെ വിലയിടിവിന് നോട്ട് നിരോധനവും കാരണമായിട്ടുണ്ട്. നാണ്യവിളകൾ തീരുവകൂടാതെ യഥേഷ്ടം ഇറക്കുമതി ചെയ്യാൻ കഴിയുന്ന ആർ.സി.ഇ.പി. കരാറുമായി മുന്നോട്ടുപോകുന്ന കേന്ദ്ര സർക്കാർ നിലപാട് ഈ മേഖലയിൽ കൂടുതൽ പ്രതിസന്ധിക്ക് കാരണമാകും. റബ്ബർ കർഷകരുടെ കാര്യത്തിൽ മുൻ സർക്കാരിന്റെ കാലത്തുള്ള കുടിശ്ശിക ഈ സർക്കാരാണ് കൊടുത്തുതീർത്തത്. റബ്ബറിന്റെ താങ്ങുവില കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. സർക്കാർ പ്ലാന്റേഷനുകളിലെ മുഴുവൻ കശുവണ്ടിയും സംഭരിക്കുന്നതിന് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയതും കശുവണ്ടി കയറ്റുമതി ചെയ്യാൻ തുടങ്ങിയതും ഈ സർക്കാർ വന്നതിനുശേഷമാണ്.

നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് ഏപ്രിൽ മാസം വരെയുള്ള തുക ഇതിനകം കൊടുത്തുതീർക്കുകയും സംഭരണവില നൽകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് അടുത്ത സീസൺ മുതൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രതിപക്ഷത്തിന്റെ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് ന്യൂനതകളുണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള ശ്രമമുണ്ടാകും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, കെ. എം. മാണി, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

(1) ആർഭാട വിവാഹങ്ങൾ

ശ്രീ. മുല്ലക്കര രത്നാകരൻ: ആഡംബര വിവാഹങ്ങൾ സാമ്പത്തികവും സാമൂഹികവുമായ ആഘാതങ്ങൾ സൃഷ്ടിക്കുന്നതിനുപുറമേ

വാണിജ്യവത്ക്കരണത്തിലേയ്ക്കും കൊണ്ടെത്തിച്ചിരിക്കുകയാണ്. ഇത്തരം വിവാഹങ്ങൾ സാധാരണക്കാരെ ഏറെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ജാതി-മത സംഘടനകൾ ഈ ദുരന്തപൂർണ്ണമായ അവസ്ഥയ്ക്കെതിരെ ചിന്തിക്കാത്തത് ദൗർഭാഗ്യകരമാണ്. ആഡംബര വിവാഹങ്ങൾ നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരുന്നതിനും ഇത്തരം വിവാഹങ്ങൾക്ക് ടാക്സ് ഏർപ്പെടുത്തി ലഭ്യമാകുന്ന തുക നിരാലംബരായ കുടുംബങ്ങളുടെ ക്ഷേമപദ്ധതികൾക്കുവേണ്ടി ചെലവഴിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിവാഹങ്ങൾ ആർഭാടമായി നടത്തുന്ന സ്ഥിതി സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ആർഭാട വിവാഹങ്ങൾ പലപ്പോഴും സാധാരണക്കാരെയും പാവപ്പെട്ടവരെയും സ്വാധീനിക്കുകയും വൻതുക സ്ത്രീധനമായി നൽകേണ്ട സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിനുവേണ്ടി മംഗല്യനിധി രൂപീകരിച്ചിട്ടുണ്ട്. ഭരണഘടനയുടെ 101-ാം ഭേദഗതി നിയമത്തിൽ ആഡംബരങ്ങൾക്കുമേൽ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം 08.09.2016 മുതൽ കേന്ദ്ര സർക്കാർ എടുത്തുകളയുകയുണ്ടായി. ആർഭാട വിവാഹങ്ങൾ നിയന്ത്രിക്കുന്നതിന് ബോധവത്കരണം നടത്തുകയാണ് വേണ്ടത്. സ്ത്രീധന നിരോധനം കർശനമായി

നടപ്പാക്കേണ്ടതുണ്ട്. വിവാഹം സംബന്ധിച്ച സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുത്താൻ സാധിച്ചാൽ മാത്രമേ ആർഭാട വിവാഹങ്ങൾ സൃഷ്ടിക്കുന്ന സാമ്പത്തികവും സാമൂഹികവുമായ പ്രത്യാഘാതങ്ങളിൽനിന്നും രക്ഷനേടാൻ കഴിയുകയുള്ളൂ. മാതൃകാപരമായി വിവാഹങ്ങൾ നടത്തുന്നതിന് എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

(2) അവയവം മാറ്റിവയ്ക്കൽ നടപടിക്രമങ്ങളിലെ സങ്കീർണ്ണതകൾ

ശ്രീ. സി. മമ്മൂട്ടി: അവയവദാനത്തിന്റെ മറവിൽ ധാരാളം ചൂഷണം നടക്കുകയാണ്. മൃതസഞ്ജീവനി പദ്ധതിയിലൂടെ നടക്കുന്ന അവയവദാനങ്ങളിലുണ്ടായ കുറവ് വളരെ ഗൗരവമായി കാണണം. മസ്തിഷ്ക മരണം ഉറപ്പുവരുത്താതെയുള്ള അവയവദാനവും നിർബന്ധിത അവയവം മാറ്റിവയ്പിക്കലും നടക്കുകയാണ്. അവയവദാനത്തെ പ്രോത്സാഹിപ്പിക്കേണ്ട സംഘടനകളും സ്വകാര്യ ആശുപത്രികളും അവയവകച്ചവടം നടത്തുകയാണ് ചെയ്യുന്നത്. ആവശ്യമായ അവയവം മാത്രമേ ഒരാളിൽനിന്നും എടുക്കുന്നുള്ളൂവെന്നും മസ്തിഷ്ക മരണം സംഭവിച്ചതിനുശേഷമേ അവയവം നീക്കം ചെയ്യുന്നുള്ളൂവെന്നും ഉറപ്പുവരുത്തണം. അവയവദാനത്തിന്റെ മറവിൽ ജനങ്ങളെ ചൂഷണം ചെയ്യുന്നവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനും ഈ രംഗത്തെ വിദേശ ലോബികളുടെ ഇടപെടൽ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം. അവയവദാനത്തിന്റെ സുതാര്യത ഉറപ്പുവരുത്തി ക്രിയാത്മകമായി പ്രവർത്തിക്കുന്നതിന് മൃതസഞ്ജീവനിയുടെ

ആഭിമുഖ്യത്തിൽ പ്രത്യേക ഏജൻസിയെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 1994-ലെ മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ ആക്ട് പ്രകാരമാണ് ജീവിച്ചിരിക്കുന്നവരിൽനിന്നുമുള്ള അവയവദാനം നടത്തുന്നത്. ബന്ധുക്കൾക്ക് വേണ്ടിയുള്ള അവയവദാനത്തിന്റെ നടപടിക്രമങ്ങൾ ലഘുവായതും അല്ലാത്തവർക്കുവേണ്ടിയുള്ളത് സങ്കീർണ്ണവുമാണ്. ബന്ധുക്കളിൽനിന്നല്ലാതെയുള്ള അവയവദാനത്തിന് ആതറൈസേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യമാണ്. മൃതസഞ്ജീവനി പദ്ധതിയിലൂടെയാണ് മരണാനന്തര അവയവദാനം നടത്തുന്നത്. മരണശേഷം അവയവദാനത്തിന് താൽപര്യമുള്ളവർക്ക് മൃതസഞ്ജീവനിയുടെ 'കെനോസ് ' എന്ന നെറ്റ്‌വർക്കിലൂടെ രജിസ്റ്റർ ചെയ്യാം. അവയവദാനത്തിന് സമ്മതം നൽകിയ വ്യക്തിയുടെ മസ്തിഷ്ക മരണാനന്തരം ബന്ധുക്കളുടെ സമ്മതത്തോടുകൂടി മാത്രമേ അവയവദാനം സാധ്യമാകുകയുള്ളൂ. മസ്തിഷ്ക മരണം സംഭവിച്ച വ്യക്തികളുടെ അവയവ വിന്യാസത്തിനായി എല്ലാ ട്രാൻസ്പ്ലാന്റ് ഹോസ്പിറ്റലുകളിലും എല്ലാ അവയവങ്ങളിന്മേലും വെയ്റ്റിംഗ് ലിസ്റ്റുണ്ടായിരിക്കേണ്ടതാണെന്ന നിബന്ധനയുണ്ട്. മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച്

സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്ന സംഘത്തിൽ നാല് ഡോക്ടർമാരുണ്ടായിരിക്കണമെന്നും അതിൽ രണ്ടുപേർ ബന്ധപ്പെട്ട ആശുപത്രിക്ക് പുറത്തുനിന്നുള്ളവരും ഒരാൾ ഗവൺമെന്റ് ഡോക്ടർ ആയിരിക്കണമെന്നും ഇതുസംബന്ധിച്ച് ഡോക്ടർമാർക്ക് പരിശീലനം നൽകണമെന്നും ആറ് മണിക്കൂർ ഇടവിട്ട് രണ്ട് പ്രാവശ്യം പരിശോധന നടത്തി വീഡിയോയിൽ പകർത്തണമെന്നും നിബന്ധനയുണ്ട്. മൃതസഞ്ജീവനിയുടെ കെനോസ്-ന്റെ നേതൃത്വത്തിൽ ശാസ്ത്രീയമായ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രചരണപരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവയവദാനം നടത്തുന്ന തടവുകാർക്കാവശ്യമായ പരിചരണം ഉറപ്പുവരുത്തുന്നതും അവയവകച്ചവടം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതുമാണ്.

## III സബ്മിഷൻ

### (1) കുഞ്ഞാമിനയുടെ മരണം

ശ്രീ. കെ. സി. ജോസഫ്: ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഇരിക്കൂർ-സിദ്ദിഖ് നഗറിലുള്ള കുഞ്ഞാമിനയുടെ കൊലപാതകവുമായി ബന്ധപ്പെട്ട പ്രതികളെ കണ്ടെത്താൻ സത്വര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും

നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഇരിക്കൂർ-സിദ്ദിഖ് നഗറിൽ താമസിക്കുന്ന ശ്രീ. മൊയ്തീന്റെ ഭാര്യ കുഞ്ഞാമിനയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ഇരിക്കൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ടി സംഭവം നടന്ന ക്വാർട്ടേഴ്സിൽ മുമ്പ് വാടകയ്ക്ക് താമസിച്ചിരുന്ന രണ്ട് സ്ത്രീകളുൾപ്പെടെ 3 പേരാണ് പ്രതികളെന്ന് സ്ഥിരീകരിച്ച സാഹചര്യത്തിൽ അവരെ കണ്ടെത്തുന്നതിനായി കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഇതരസംസ്ഥാനങ്ങളിലേയ്ക്കും ലുക്കൗട്ട് സർക്കുലർ നൽകുകയും പ്രതികളുടെ ഫോട്ടോ മാധ്യമങ്ങളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(2) വിദ്യാഭ്യാസ വായ്പ

ശ്രീ. പി. സി. ജോർജ്: വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവുമായി ബന്ധപ്പെട്ട് ബാങ്കുകൾ അന്യായമായി പലിശ ഈടാക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള നിയമം പരിഷ്കരിക്കാനും വിദ്യാഭ്യാസ വായ്പയിന്മേൽ സർഫേസി ആക്ട് ഉപയോഗിക്കാതിരിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): വിദ്യാഭ്യാസ വായ്പ കുടിശ്ശികയും ബാങ്കുകളുടെ നടപടികളും

സാമൂഹ്യപ്രശ്നമായി മാറിയ സാഹചര്യത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ പാവങ്ങളെ ജപ്തി ഭീഷണിയിൽനിന്നും രക്ഷിക്കാൻവേണ്ടിയാണ് വിദ്യാഭ്യാസ വായ്പാ പദ്ധതി സർക്കാർ അംഗീകരിച്ചത്. ഇത് ഒരു വായ്പാ തിരിച്ചടവ് സഹായ പദ്ധതിയാണ്. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

(3) ഫയർ സ്റ്റേഷൻ

ശ്രീ. വി. ടി. ബൽറാം: തൃത്താല നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പാലക്കാട് ജില്ലയിലെ തൃത്താല നിയോജകമണ്ഡലത്തിലെ കുറ്റനാട്-മലറോഡിലുള്ള സർക്കാർ വക സ്ഥലം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ കെട്ടിടവും ഫാമിലി ക്വാർട്ടേഴ്സും നിർമ്മിക്കാനായി ഒരു ഏക്കർ സ്ഥലം കൈമാറുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത സ്ഥലം ലഭിക്കുന്നമുറയ്ക്ക് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (4) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ പ്രവർത്തനം

ശ്രീ. വി. എസ്. അച്യുതാനന്ദൻ: മലമ്പുഴ നിയോജകമണ്ഡലത്തിലെ ഒലവക്കോട് കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഉല്പന്നങ്ങൾക്കുള്ള വിപണി കണ്ടെത്താനും കമ്പനിയുടെ യശസ്സും പ്രൗഢിയും വീണ്ടെടുക്കാനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കെൽ-ന്റെ ഒലവക്കോട് യൂണിറ്റ് സിഡ്കോയുടെ ഉടമസ്ഥതയിലുള്ള വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കാലാകാലങ്ങളിൽ നടത്തേണ്ട അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം കെട്ടിടം ഉപയോഗശൂന്യമായിരിക്കുകയാണ്. എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ഈ യൂണിറ്റിനെ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൈമാറാനും ഉത്പന്നങ്ങൾക്ക് കെൽ ബ്രാൻഡ് ഉപയോഗിക്കാനും എല്ലാ തൊഴിലാളികളെയും സ്വയം വിരമിക്കൽ പദ്ധതി നടപ്പാക്കി യൂണിറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കാനും തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് പിരിഞ്ഞുപോയ 52 തൊഴിലാളികൾക്ക് പി.എഫ്., ഗ്രാറ്റുവിറ്റി എന്നിവ നൽകാൻ

സാധിച്ചിട്ടില്ല. 8 തൊഴിലാളികളാണ് യൂണിറ്റിൽ നിലവിലുള്ളത്. ഇപ്പോഴത്തെ ഉത്പന്നമായ റീവയറബിൾ ഫ്യൂസ് കാലഹരണപ്പെട്ട സാഹചര്യത്തിൽ കെൽ-ന്റെ മറ്റ് യൂണിറ്റുകളുടെ പ്രവർത്തനത്തെ സഹായിക്കുന്ന രീതിയിൽ പ്രവർത്തനം ഏകോപിപ്പിച്ചുവരികയാണ്. കെൽ-ന്റെ പുനരുദ്ധാരണത്തിന് അനുവദിച്ച തുകയിൽനിന്നും 50 ലക്ഷം രൂപ ഒലവക്കോട് യൂണിറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് നീക്കിവച്ചുകൊണ്ട് മറ്റ് യൂണിറ്റുകൾക്ക് അനുയോജ്യമായ അനുബന്ധ ഉത്പന്നങ്ങൾക്കുള്ള സാധ്യതകൂടി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(5) കുടിവെള്ള പദ്ധതി

ശ്രീ. മഞ്ഞളാംകുഴി അലി: പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ താഴേക്കോട്-ആലിപ്പറമ്പ കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): താഴേക്കോട്-ആലിപ്പറമ്പ കുടിവെള്ള പദ്ധതി 2013-ലെ എസ്.എൽ.എസ്.സി.-യിൽ 750 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി 95 ശതമാനം പൂർത്തീകരിച്ചതാണ്. ശുദ്ധീകരണശാലയ്ക്കാവശ്യമായ ഭൂമി പെരിന്തൽമണ്ണ താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തിയതനുസരിച്ച് പ്രവൃത്തി ആരംഭിച്ചെങ്കിലും

പുറമ്പോക്കുഭൂമിക്കുപുറമേ സ്ഥലം നൽകിയ സ്വകാര്യ വ്യക്തി തന്റെ വസ്തു കയ്യേറിയതായി പരാതി നൽകിയതിനെത്തുടർന്ന് മലപ്പുറം ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ വീണ്ടും അളക്കുകയും കയ്യേറിയ സ്ഥലത്തിനുപകരം സ്ഥലം നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് തീർപ്പാകുന്നമുറയ്ക്ക് ഒന്നാംഘട്ടം പൂർത്തിയാക്കാൻ കഴിയുന്നതാണ്. NRDWP-യുടെ തുക കേന്ദ്ര ഗവൺമെന്റ് കുറച്ച സാഹചര്യത്തിലും ഇത്തരം പദ്ധതികൾ സാഗി പഞ്ചായത്തുകളിലും ഫ്ലൂറൈഡിന്റെയും ആർസെനിക്കിന്റെയും സാന്നിധ്യമുള്ള സ്ഥലങ്ങളിലുമായി പരിമിതപ്പെടുത്തണമെന്നും നിബന്ധന വച്ചിരിക്കുന്നതുകൊണ്ട് രണ്ടാംഘട്ടത്തിലേയ്ക്ക് കടക്കാൻ സാധിച്ചില്ല. വരും വർഷങ്ങളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി രണ്ടാംഘട്ടം പൂർത്തിയാക്കുന്നതാണ്.

(6) മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

ശ്രീ. എൻ. വിജയൻ പിള്ള: നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും മതിലും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി

2450 ലക്ഷം രൂപ ചെലവിൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം മൂന്ന് ഘട്ടങ്ങളിലായി പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. നിർമ്മാണ പ്രദേശത്തെ ധാതുമണൽ നിക്ഷേപം ഖനനം ചെയ്യാൻ അനുമതി നൽകിയതിനാലും ചില സാങ്കേതിക പ്രശ്നങ്ങളാലുമാണ് നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നത്. നിർമ്മാണം പൂർത്തിയാക്കി 2018-19 അധ്യയന വർഷം മുതൽ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അംഗീകാരത്തോടെ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(7) ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

ശ്രീ. വി. അബ്ദുറഹിമാൻ: കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷന്റെ അപാകതയും ജീവനക്കാരുടെ കുറവും പരിഹരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാന പബ്ലിക്ക് അക്കൗണ്ടിലേയ്ക്കുള്ള ധനസമാഹരണവുമായി ബന്ധപ്പെട്ട് ഫണ്ട് ബാലൻസ് ഗണ്യമായി ഉയർത്തുന്നതിനുള്ള നടപടികളാണ് ലക്ഷ്യമിടുന്നത്. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സോഫ്റ്റ്‌വെയറുകൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആവശ്യമായ പഠനം നടത്തിയശേഷം

ജീവനക്കാരെ നിയമിക്കുന്ന കാര്യം തീരുമാനിക്കും. സർക്കാർ വരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്ന തരത്തിൽ വകുപ്പിന്റെ പദ്ധതികൾ മറ്റ് മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതിന് ഇൻഷ്വറൻസ് കൺസൾട്ടന്റിന്റെ സേവനം ഉപയോഗപ്പെടുത്തുന്നതാണ്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ പുന:സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(8) മാവേലിക്കര ജില്ലാ ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കൽ

ശ്രീ. ആർ. രാജേഷ്: മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 347 കിടക്കകളുള്ള മാവേലിക്കര ജില്ലാ ആശുപത്രിയിൽ ജനറൽ മെഡിസിൻ, പീഡിയാട്രിക് സർജറി, ഗൈനക്കോളജി, ഓർത്തോ, ഇ.എൻ.ടി., നേത്രരോഗ വിഭാഗം, സൈക്യാട്രി, അനസ്തേഷ്യ, ഡെന്റൽ, ത്വക്‌രോഗവിഭാഗം, അത്യാഹിത വിഭാഗം എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. മാവേലിക്കര താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയതിനുശേഷം കൂടുതൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ ആശുപത്രിയെ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രിയാക്കി മാറ്റുന്നതിന്റെ ഭാഗമായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള

നടപടി ആരംഭിച്ചിട്ടുണ്ട്.

(9) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ലാബ്, ഡയാലിസിസ് യൂണിറ്റുകൾ

ശ്രീ. അനിൽ അക്കര: തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ലാബ്, ഡയാലിസിസ് യൂണിറ്റുകൾ ശരിയായി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ലാബുകളുടെ മെയിന്റനൻസിനായി സർക്കാർ മുൻകയ്യെടുത്ത് റിവോൾവിംഗ് ഫണ്ട് നടപ്പിലാക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സുരക്ഷാ ക്രമീകരണങ്ങളെല്ലാം പാലിച്ചുകൊണ്ടാണ് തൃശ്ശൂർ മെഡിക്കൽ കോളേജിലെ ലാബുകൾ പ്രവർത്തിക്കുന്നത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ പ്രതിദിനം മൂന്ന് ഷിഫ്റ്റുകളിലായി ഏകദേശം നാൽപ്പത് ഡയാലിസിസുകൾ ചെയ്യുന്നുണ്ട്. ലാബിന്റെയും ഡയാലിസിസ് യൂണിറ്റിന്റെയും പോരായ്മകൾ പരിഹരിക്കുന്നതിനായി ഒരു കമ്പനിയുമായി പ്രത്യേക കരാർ ഉണ്ടാക്കിയിട്ടുണ്ട്. പ്രസ്തുത ആശുപത്രിയെ സെന്റർ ഓഫ് എക്സലൻസാക്കുന്നതിനുള്ള നടപടി ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

(10) പ്രധാന ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കൽ

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടി, അങ്കമാലി റെയിൽവേ സ്റ്റേഷനുകളിൽ പ്രധാന ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് കേന്ദ്ര റെയിൽവേ

മന്ത്രാലയത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ചാലക്കുടി റെയിൽവേ സ്റ്റേഷനെ 2010-11-ൽ 'ആദർശ്' സ്റ്റേഷനാക്കി ഉയർത്തി ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അങ്കമാലി വരെയുള്ള ഡെമു ട്രെയിൻ സർവ്വീസ് ചാലക്കുടി വരെ നീട്ടുന്നതിനും വെള്ളി, ശനി, ഞായർ ദിവസങ്ങളിലുള്ള ധൻബാദ്, നേത്രാവതി എക്സ്പ്രസുകൾക്ക് മറ്റ് ദിവസങ്ങളിൽക്കൂടി ചാലക്കുടിയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനും പുതുതായി ആരംഭിച്ച പാലരുവി എക്സ്പ്രസിന് ചാലക്കുടിയിലും കൊരട്ടി അങ്ങാടിയിലും ഗുരുവായൂർ ഇന്റർസിറ്റി, വേണാട് എക്സ്പ്രസ്, ഗുരുവായൂർ-ചെന്നൈ എഗ്മോർ എക്സ്പ്രസ് എന്നീ ട്രെയിനുകൾക്ക് കൊരട്ടി അങ്ങാടിയിലും സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള ശക്തമായ ഇടപെടൽ കേന്ദ്ര ഗവൺമെന്റിൽ ചെലുത്തിയിട്ടുണ്ട്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ എട്ട് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VI അവകാശ ലംഘന നോട്ടീസ്

**മഹാരാജാസ് കോളേജിൽ നടന്ന അക്രമവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നടത്തിയ പ്രസ്താവന**

ശ്രീ. പി. ടി. തോമസ്: എറണാകുളം മഹാരാജാസ് കോളേജിൽ നടന്ന അക്രമവുമായി ബന്ധപ്പെട്ട് പോലീസിന്റെ പ്രഥമ വിവര റിപ്പോർട്ടിലും സെർച്ച് ലിസ്റ്റിലുമുള്ളതിന് കടകവിരുദ്ധമായ കാര്യങ്ങളാണ് 05.05.2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞത്. എഫ്.ഐ.ആർ.-ലെ പ്രധാന കാര്യങ്ങൾ മറച്ചുവച്ച് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മറുപടി പറഞ്ഞത് ആരെയോ രക്ഷിക്കുന്നതിനുവേണ്ടിയാണെന്ന കാര്യം വ്യക്തമാണ്. ഇപ്രകാരം സഭയുടെ പ്രത്യേക അവകാശങ്ങളുടെയും അന്തസ്സിന്റേയും ലംഘനം മുഖ്യമന്ത്രി നടത്തിയതിനാൽ അദ്ദേഹത്തിനെതിരെ അവകാശലംഘന പ്രശ്നത്തിന് നടപടി സ്വീകരിക്കണം.

ശ്രീ. ഹൈബി ഈഡൻ: മഹാരാജാസ് കോളേജിൽ നടന്ന അക്രമവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയും ആരെയൊക്കെയോ സംരക്ഷിക്കാനുമുള്ള നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

മി. സ്പീക്കർ: നോട്ടീസുകൾ പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഒരു പ്രിവിലേജ് നോട്ടീസ് കൊടുത്തുകഴിഞ്ഞാൽ ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിച്ച് നടപടിയെടുക്കുമെന്നല്ലാതെ ചർച്ച നടത്തുകയില്ല. പുതിയ കീഴ്‌വഴക്കങ്ങളുണ്ടാക്കുന്നത് ശരിയല്ല.

## VII ക്രമപ്രശ്നം

റിയൽ എസ്റ്റേറ്റ് നിയന്ത്രണവും വികസനവും നിയമത്തിലെ അവ്യക്തത

ശ്രീ. എം. ഉമ്മർ: സംസ്ഥാനത്ത് 2017 മേയ് 1 മുതൽ പാർലമെന്റ് പാസ്സാക്കിയ റിയൽ എസ്റ്റേറ്റ് നിയന്ത്രണ നിയമം 2016, പൂർണ്ണമായി നടപ്പിലാക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ആക്ടിലെ 86(2) വകുപ്പ് പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുകയോ 2015-ൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ കേരള റിയൽ എസ്റ്റേറ്റ് നിയന്ത്രണവും വികസനവും നിയമം റദ്ദ് ചെയ്യുകയോ ചെയ്തിട്ടില്ല. 2016 മേയ് 1 മുതൽ ഭാഗികമായി പ്രാബല്യത്തിൽ വന്ന കേന്ദ്ര നിയമം 2017 മേയ് 1-ന് പൂർണ്ണമായി നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ രൂപീകരിക്കാത്തത് ഭരണഘടനയുടെ ലംഘനമാണ്. ഈ നിയമം നടപ്പിലാക്കാനായി റെഗുലേറ്ററി അതോറിറ്റിയെ നിയമിക്കുകയും രണ്ട് നിയമം നിലനിൽക്കുന്നതിലുള്ള അവ്യക്തത ഒഴിവാക്കാനായി

ചട്ടങ്ങൾ അടിയന്തരമായി രൂപീകരിച്ച് നിയമസഭ മുമ്പാകെ സമർപ്പിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2016-ലെ റിയൽ എസ്റ്റേറ്റ് റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ് ആക്ടിന്റെ ഏതാനും വകുപ്പുകൾ 2016 മേയ് 1-നും ബാക്കിയുള്ളവ 2017 മേയ് 1-നുമാണ് നിലവിൽ വന്നത്. അതിനുമുമ്പ് 2015-ലെ ആക്ടിന്റെ വ്യവസ്ഥകളായിരുന്നു സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ടായിരുന്നത്. 2016-ലെ കേന്ദ്ര നിയമത്തിലെ 86(2) വകുപ്പുപ്രകാരം സംസ്ഥാന സർക്കാരാണ് അനുബന്ധ ചട്ടങ്ങൾ രൂപീകരിക്കേണ്ടതെന്നതിനാൽ ആക്ടിനനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. സംസ്ഥാന നിയമം റദ്ദാക്കുന്നതിനുള്ള ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. സംസ്ഥാന നിയമത്തിന്റെ അടിസ്ഥാനത്തിലെടുത്ത നടപടികൾ സംരക്ഷിക്കപ്പെടേണ്ടതുള്ളതുകൊണ്ട് സംസ്ഥാന നിയമം റദ്ദ് ചെയ്യുന്നമുറയ്ക്ക് ചട്ടങ്ങൾ അന്തിമമായി വിജ്ഞാപനം ചെയ്യുന്നതാണ്. ഇക്കാര്യത്തിൽ യാതൊരു കാലതാമസവും ചട്ടലംഘനവും വരുത്തിയിട്ടില്ല. ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

മി. സ്പീക്കർ: ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച കാര്യങ്ങൾക്ക് സർക്കാർ തലത്തിൽ

നടപടികൾ സ്വീകരിച്ചുവരുന്നതായി ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അറിയിച്ചിരിക്കുകയാണ്. ഗവൺമെന്റ് നടപടികൾ ത്വരിതപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു.

## VIII ധനകാര്യം

### 2017-2018 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത് (3901,40,26,000 രൂപ)

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം (1165,85,42,000 രൂപ)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

ശ്രീ. ബി. സത്യൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒട്ടനവധി വികസന പദ്ധതികളുമായി മുന്നോട്ടുപോകുന്ന സർക്കാരാണിത്. വരൾച്ച, കൃഷിനാശം, ഗ്രാമീണ മേഖലയിലുണ്ടായിട്ടുള്ള തൊഴിലില്ലായ്മ, ദേശീയ സാമ്പത്തിക നയം, വർഗ്ഗീയത എന്നിവ ഈ ഗവൺമെന്റ് ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന കടുത്ത പ്രതിസന്ധികളാണ്. സമസ്ത മേഖലകളേയും ബാധിച്ച നോട്ട് നിരോധനംമൂലമുള്ള പ്രതിസന്ധികളെ നേരിട്ടുകൊണ്ട് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്ന സർക്കാരാണിത്. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കാനും സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച് വീടുകളിലെത്തിക്കുന്നതിനും നടപടി സ്വീകരിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിനായി നിരവധി പദ്ധതികൾ പ്രഖ്യാപിക്കുകയും വികസന പ്രവർത്തനങ്ങൾക്കായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.-മാർക്കും 50 കോടി രൂപ വീതം അനുവദിക്കുകയും ചെയ്തു. ജില്ലകളെ തീരദേശ-മലയോര മേഖലാടിസ്ഥാനത്തിൽ തരംതിരിച്ച് പാക്കേജ് പ്രഖ്യാപിച്ച് 5 വർഷംകൊണ്ട് പൂർത്തിയാക്കാനാണ്

സർക്കാർ ശ്രമിക്കുന്നത്. ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്ന കാര്യത്തിൽ ഇച്ഛാശക്തിയോടെയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചത്. പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട് മുൻ ഗവൺമെന്റിന്റെ കാലത്ത് തയ്യാറാക്കിയ ലിസ്റ്റിലെ അപാകതകൾ ഭൂരിഭാഗവും പരിഹരിക്കാനും പുതിയ റേഷൻ കാർഡ് വിതരണം ആരംഭിക്കാനും സാധിച്ചിട്ടുണ്ട്. ഭക്ഷ്യഭദ്രതാ നിയമവുമായി ബന്ധപ്പെട്ട് അനർഹരെ ഒഴിവാക്കാൻ തയ്യാറാകണം.

ശ്രീ. കെ. എസ്. ശബരീനാഥൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുവിതരണ മേഖലയിലെ സ്തംഭനാവസ്ഥ സർക്കാരിന്റെ ദിശാബോധം നഷ്ടപ്പെട്ടതിനുദാഹരണമാണ്. വിലക്കയറ്റം നിയന്ത്രിക്കാനാകാത്തതും അവശ്യ സാധനങ്ങളുടെ ലഭ്യതക്കുറവും സാധാരണക്കാരെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. റേഷൻ പട്ടികയെ സംബന്ധിച്ച് വ്യാപകമായ പരാതികളാണ് നിലനിൽക്കുന്നത്. വാതിൽപ്പടി റേഷൻ എത്തിക്കുന്ന സംവിധാനം ഉത്ഘാടനം നടത്തിയതല്ലാതെ തുടരാനായിട്ടില്ല. അരിക്ഷാമം നേരിട്ടപ്പോൾ ബംഗാളിൽനിന്ന് ഇറക്കുമതിചെയ്ത ഗുണനിലവാരമില്ലാത്ത അരിയാണ് റേഷൻ കടകൾ മുഖേന വിതരണം ചെയ്തത്. പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി കഴിഞ്ഞ സർക്കാർ തുടങ്ങിവച്ച വൺ ടൈം മെയിന്റനൻസ് പദ്ധതി പുനരാരംഭിക്കണം.

ശ്രീ. ചിറ്റയം ഗോപകുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒരു

വർഷക്കാലംകൊണ്ട് നിരവധി വികസനപ്രവർത്തനങ്ങളാണ് സമസ്ത മേഖലയിലും സർക്കാർ നടപ്പാക്കിയത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ 140 നിയോജകമണ്ഡലങ്ങളിലും വികസനോന്മുഖമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. പത്തോളം ടോൾ പിരിവ് കേന്ദ്രങ്ങൾ നിർത്തലാക്കുകയും പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് സമ്പ്രദായം നടപ്പാക്കുകയും പി.ഡബ്ല്യു.ഡി. റോഡുകളുടെ മെയിന്റനൻസ് വർക്കുകൾ കൃത്യമായി നടത്തുന്നതിനുവേണ്ടി ഒരു ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്ത നടപടി സ്വാഗതാർഹമാണ്. പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനും പന്തളം-കുറിന്തോട്ടം പാലത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തീകരിക്കാനും സാധിച്ചിട്ടുണ്ട്. ഏനാത്ത് പുതിയ പാലം നിർമ്മിക്കുന്നതിനായി 4.75 കോടി രൂപ അനുവദിക്കുകയും ഗതാഗത തടസ്സം ഒഴിവാക്കുന്നതിനായി ബെയ്‌ലിപാലം നിർമ്മിക്കുകയും ചെയ്തു. ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിനും മേയ് മാസത്തിൽ പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കാനും മാവേലി സ്റ്റോറുകൾ നവീകരിക്കാനും പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കാനും കഴിഞ്ഞിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് ആർജ്ജവത്തോടെയുള്ള പ്രവർത്തനവുമായിട്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത്, ഭക്ഷ്യം എന്നീ വകുപ്പുകളെ അഴിമതി വിമുക്തമാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. യോഗ്യതയുള്ളവരെ നിർമ്മാണപ്രവർത്തനങ്ങളുടെ കൺസൾട്ടന്റുമാരായി നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. വർക്കുകൾ ഏറ്റെടുത്തശേഷം കാലതാമസം വരുത്തുന്ന കോൺട്രാക്ടർമാരെ സ്ഥിരമായി ബ്ലാക്ക്‌ലിസ്റ്റ് ചെയ്യണം. റേഷൻ കടകളെ വിശ്വാസത്തിലെടുക്കണം. തിരുവനന്തപുരം-എറണാകുളം റൂട്ടിൽ നാലുവരിപ്പാത പണിയുന്നതിന് നടപടി സ്വീകരിക്കണം. അഞ്ച് ദിവസത്തിൽ കൂടുതൽ ഫയലുകൾ വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റേഷൻ സമ്പ്രദായത്തെ തകർക്കുകയും ബി.പി.എൽ. ലിസ്റ്റിൽനിന്നും പാവപ്പെട്ടവരെ ഒഴിവാക്കുകയും ചെയ്യുന്ന നിലപാട് ശരിയല്ല. സബ്സിഡി നൽകിയാണെങ്കിലും നേരത്തെയുള്ള അളവിലും നിരക്കിലും മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിന് സർക്കാർ തയ്യാറാകണം. സ്വകാര്യ കമ്പനികൾക്കുവേണ്ടി ആട്ട വിതരണം ഈ സർക്കാർ അട്ടിമറിച്ചിരിക്കുകയാണ്. ശരിയായ മുന്നൊരുക്കമില്ലാതെയും മതിയായ ഉദ്യോഗസ്ഥ സംവിധാനമില്ലാതെയും കേന്ദ്ര മാനദണ്ഡങ്ങൾ ലംഘിച്ചും നടക്കുന്ന വാതിൽപ്പടി റേഷൻ വിതരണത്തിൽ ആക്ഷേപങ്ങളുയർന്നിരിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് തുകയനുവദിക്കാത്ത ധനകാര്യ വകുപ്പിന്റെ സമീപനം തിരുത്തണം. ദേശീയപാതാ വികസനം ത്വരിതപ്പെടുത്തുന്നതിനും മലയോര, തീരദേശ ഹൈവേകൾ യാഥാർത്ഥ്യമാക്കുന്നതിനും നടപടിയുണ്ടാകണം. പൊതുമരാമത്ത് വകുപ്പിൽ എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്തുന്നതിനും പഞ്ചായത്ത് റോഡുകൾ ഏറ്റെടുക്കുന്ന നടപടി വേഗത്തിലാക്കുന്നതിനും പാലം നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും മണ്ണാർക്കാട്-ചിന്നത്തടാകം റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ക്രമാതീതമായി വർദ്ധിച്ച അരിവില പിടിച്ചുനിർത്തുന്നതിനും പൊതുവിതരണ ശൃംഖലയുടെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. കിഫ്ബി വഴി നടപ്പാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ വികസന പദ്ധതികൾ വേഗത്തിലാക്കുന്നതിന് നടപടിയുണ്ടാകണം. വികസനത്തിന്റെ കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളെയും പരിഗണിച്ചത് അഭിനന്ദനാർഹമാണ്. റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് തുക അനുവദിക്കുന്നതിനും റോഡ് റബ്ബറൈസേഷൻ

വ്യാപകമാക്കുന്നതിനും പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിംഗ് വിപുലീകരിക്കുന്നതിനും കട്ടുത്തുരുത്തി റ്റി.ബി. തുറന്നുപ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ജീവനക്കാരെ അനുവദിക്കുന്നതിനും ചേർപ്പുങ്കൽ പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ജോർജ് എം. തോമസ്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പുത്തൻ സാങ്കേതികവിദ്യ പ്രാവർത്തികമാക്കി അഞ്ചുവർഷംകൊണ്ട് 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. റോഡ് നിർമ്മാണത്തിന് പ്ലാസ്റ്റിക്, റബ്ബർ എന്നിവ ഉപയോഗിച്ചുള്ള പുതിയ ടെക്നോളജി രൂപപ്പെടുത്തിയിരിക്കുകയാണ്. മലയോരപാതയുടെ വികസനത്തിനുവേണ്ടി 3500 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തിയത് സ്വാഗതാർഹമാണ്. സെൻട്രൽ റോഡ് ഫണ്ടിൽനിന്ന് 397 കോടി രൂപ വാങ്ങാൻ സാധിച്ചതും 177.8 കോടി രൂപ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 37 പദ്ധതികൾ ഏറ്റെടുക്കാൻ കഴിഞ്ഞതും പ്രശംസനീയമാണ്. കണ്ണാടി-മേപ്പാടി തണൽ റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ കൊങ്കൺ റെയിൽവേയെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സബ്സിഡിയിനത്തിൽ കൺസ്യൂമർഫെഡിന് 688 കോടി രൂപ നൽകിയത്

സ്വാഗതാർഹമാണ്. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും പൊതുമരാമത്ത് വകുപ്പിനുവേണ്ടി ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. അനൂപ് ജേക്കബ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ കേരളത്തിനർഹമായ ഭക്ഷ്യധാന്യങ്ങൾ നേടിയെടുക്കാൻ സർക്കാർ മുൻകയ്യെടുക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിലക്കയറ്റം പിടിച്ചുനിർത്താനുള്ള നടപടികളാണ് സ്വീകരിച്ചിരുന്നത്. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിലെയും ജില്ലാ ഫോറങ്ങളിലേയും ഒഴിവുകൾ നികത്തുന്നതിനും പിറവം നിയോജകമണ്ഡലത്തിലുൾപ്പെടെ അരിക്കടകൾ കൂടുതൽ വ്യാപകമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ഡിപ്പാർട്ടുമെന്റിൽനിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടിയുണ്ടാകണം.

ശ്രീ. മുരളി പെരുനെല്ലി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത് വകുപ്പിൽ അടുത്ത 5 വർഷംകൊണ്ട് 50,000 കോടി രൂപയുടെ റോഡ് നവീകരണ പദ്ധതികൾക്ക് തുടക്കം കുറിക്കുന്നത് അഭിനന്ദനാർഹമാണ്. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി അഴിമതിരഹിതവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് നടത്തിവരികയാണ്.

മലയോര-തീരദേശ പാത കേരളത്തിന്റെ വികസന കുതിപ്പിന് കരുത്തേകുന്നതാണ്. പാലങ്ങളുടെ പുനരുദ്ധാരണ-നവീകരണ-അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുമെന്ന പ്രഖ്യാപനവും ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ മെയിന്റനൻസ് വിഭാഗം ആരംഭിക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. മണലൂർ മണ്ഡലത്തിലെ കടാന്തോട് പാലം പുതുക്കിപ്പണിയുന്നതിനും തൃശ്ശൂർ-കുറ്റിപ്പുറം റോഡിലെ കേച്ചേരി സെന്ററിന്റെ വികസനവുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനും പാലിയേക്കര ടോളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് സൗജന്യ റേഷൻ ലഭിച്ചിരുന്ന കുടുംബങ്ങളുടെ എണ്ണത്തിലും ധാന്യവിഹിതത്തിലും വർദ്ധനവ് വരുത്താൻ തീരുമാനിച്ചതും 1.54 കോടി ജനങ്ങൾക്ക് സൗജന്യനിരക്കിൽ ഭക്ഷ്യധാന്യം ലഭ്യമാക്കാനും നടപടിയെടുത്തതും സ്വാഗതാർഹമാണ്. മുൻഗണനേതര പട്ടികയിൽപ്പെട്ടവർക്ക് പ്രത്യേക സബ്സിഡി നൽകി രണ്ടു രൂപ നിരക്കിൽ 2 കിലോ അരി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചത് ശ്ലാഘനീയമാണ്. വില നിയന്ത്രണ സെൽ പുനഃസംഘടിപ്പിക്കുമെന്ന പ്രഖ്യാപനവും വാതിൽപ്പടി വിതരണം നടപ്പിലാക്കിയതും അരിക്കടകൾ ആരംഭിച്ചതും ജനങ്ങൾക്ക് ആശ്വാസം പകരുന്നവയാണ്. ഭക്ഷ്യോത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും നഷ്ടപ്പെട്ട കാർഷിക സംസ്കാരം

വീണ്ടെടുക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തണം.

<u>ശ്രീ. പി. സി. ജോർജ്</u>: പൊതുമരാമത്ത് വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിന് അതിശക്തമായ നടപടികളുമായി മുന്നോട്ടുപോകണം. പി.ഡബ്ല്യൂ.ഡി.-യിൽ സത്യസന്ധരായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ഷെഡ്യൂളുകൾ പുതുക്കുന്നതിനും മുണ്ടക്കയം ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനം വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കണം. മുണ്ടക്കയം-കൂട്ടിക്കൽ-ഇളങ്കാട്-വാഗമൺ റോഡിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തണം. റേഷൻ വിതരണത്തിൽ ഇടനിലക്കാരെ ഒഴിവാക്കിയ നടപടി ശ്ലാഘനീയമാണ്. റേഷൻ കടക്കാർക്ക് അർഹമായ പണം നൽകുന്നതിനും അരി വിതരണത്തിൽ മോഡറേറ്റ് ചാർജ് ഈടാക്കുന്നതിനും അരി വാങ്ങാത്തവരുടെ പേരിൽ കണക്കെഴുതി അരി തട്ടിയെടുക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ജോയി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ പശ്ചാത്തല സൗകര്യ വികസന പ്രക്രിയയിൽ പൊതുമരാമത്ത് വകുപ്പ് സുപ്രധാന പങ്കാണ് വഹിക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും അവസ്ഥ മെച്ചപ്പെടുകയും പൊതുമരാമത്ത് വകുപ്പിൽ സമത്വവും തുല്യനീതിയുമുണ്ടാകുകയും ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തതിലൂടെ അഴിമതി അവസാനിപ്പിക്കാൻ സാധിക്കുകയും ചെയ്തു. ഈ

സർക്കാർ 571 പ്ലാൻ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും എം.എൽ.എ.-മാർക്ക് ഒരു കോടിയിലധികം രൂപ മെയിന്റനൻസ് വർക്കിന് ലഭ്യമാക്കുകയും പുതിയ നിർമ്മാണരീതികൾ അവലംബിക്കുകയും ആധുനിക ജർമ്മൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുകയും ചെയ്തു. കെ.എസ്.റ്റി.പി.-യിലെ കൺസൾട്ടന്റുമാരെ ഒഴിവാക്കുകയും പുതിയ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുകയും പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യണം. സോഷ്യൽ ഓഡിറ്റിംഗിന്റെ ഭാഗമായി മെയിന്റനൻസ് പ്രവൃത്തികൾ അടിയന്തരമായി ചെയ്യുന്നതിന് ഉത്തരവാദപ്പെട്ട എഞ്ചിനീയർമാർക്ക് റോഡുകളുടെ ചുമതല വീതിച്ച് നൽകണം. കേന്ദ്ര സർക്കാർ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഇല്ലാതാക്കിയെങ്കിലും കേരളത്തിലെ ജനങ്ങൾക്ക് റേഷൻ നൽകാൻ ഈ സർക്കാരിന് സാധിച്ചു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് കൂടുതൽ അരിക്കടകൾ ആരംഭിക്കണം. ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന് ആറുമാസക്കാലം ശമ്പളം നൽകാതിരുന്ന നടപടി ശരിയായില്ല. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായിരുന്ന കേരളത്തിലെ പൊതു വിതരണ സമ്പ്രദായം നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ റേഷൻ കാർഡുകൾ നൽകാൻ സാധിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിനെ

അഴിമതിരഹിതമാക്കാനുള്ള മന്ത്രിയുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ധനവിനിയോഗ പ്രവർത്തനങ്ങളെ സ്വാഗതം ചെയ്യുന്നു. ആരോഗ്യം, വിദ്യാഭ്യാസം, പ്രകൃതിസംരക്ഷണം, അടിസ്ഥാന സൗകര്യവികസനം തുടങ്ങിയ മേഖലകളിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള സമീപനങ്ങൾ സ്വാഗതാർഹമാണ്. പൊതുമരാമത്ത് വകുപ്പിലെ അഴിമതികളില്ലാതാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളെയും മലയോര-തീരദേശ ഹൈവേ പദ്ധതികളേയും സ്വാഗതം ചെയ്യുകയും പി.ഡബ്ല്യു.ഡി. വിജിലൻസ് വിഭാഗത്തിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങള അഭിനന്ദിക്കുകയും ചെയ്യുന്നു. ഡിസൈൻ ക്വാളിറ്റി, ആർക്കിടെക്ച്ചർ വിംഗ് എന്നിവ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ ജില്ലാടിസ്ഥാനത്തിൽ സംവിധാനമൊരുക്കാനും റവന്യൂ വകുപ്പുമായുള്ള സാങ്കേതിക നടപടിക്രമങ്ങൾ ലഘൂകരിച്ച് പൊതുമരാമത്ത് വകുപ്പിന് സ്ഥലമേറ്റെടുക്കൽ നടപടികൾ ലഘൂകരിക്കാൻ മാർഗ്ഗമുണ്ടോയെന്ന് ആലോചിക്കാനും കയ്യേറ്റം ഒഴിപ്പിക്കാനുള്ള സ്ഥിരം സംവിധാനമുണ്ടാക്കാനും നടപടി സ്വീകരിക്കണം. ഈ സർക്കാർ ഭക്ഷ്യ പൊതുവിതരണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. യു.ഡി.എഫ്. സർക്കാർ ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കാത്തതുമൂലം 2000

കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്തുണ്ടായത്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ 440 കോടി രൂപ സബ്സിഡിയായി സിവിൽ സപ്ലൈസ് വകുപ്പ് ചെലവഴിച്ചതും 4200 കോടി രൂപയുടെ റെക്കോർഡ് വില്പന നടത്തിയതും അഭിനന്ദനാർഹമാണ്. കേരളത്തിലെ രണ്ടേമുക്കാൽ കോടി ജനങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്ന രീതിയിലാണ് ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കുന്നത്.

<u>ശ്രീ. സി. മമ്മൂട്ടി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ അഴിമതിരഹിതമായി മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് വലിയ തുക കൊടുക്കണമെന്ന് മാത്രമല്ല സെൻട്രൽ ആക്ട് അനുസരിച്ച് സോഷ്യൽ ആഘാത പഠനവും നടത്തണം. പ്രസ്തുത പഠനം നടത്താൻ ഏജൻസിയില്ലാത്ത സാഹചര്യത്തിൽ സ്ഥലമേറ്റെടുക്കാൻ കഴിയില്ല. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി വാങ്ങുന്നതിനുമുമ്പ് സർക്കാർ ഭൂമി അനധികൃതമായി കയ്യേറിയവരിൽനിന്നും തിരിച്ചുപിടിക്കാനും എലിവേറ്റഡ് ഹൈവേ പദ്ധതി നടപ്പിലാക്കാനും പഞ്ചായത്ത് റോഡുകൾ ഏറ്റെടുക്കാനും നടപടി സ്വീകരിക്കണം. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പുകല്പിക്കുന്നതിനും

ബി.പി.എൽ. ആനുകൂല്യങ്ങൾ നേടുന്ന അനർഹരെ ഒഴിവാക്കുന്നതിനും സമയബന്ധിതമായി റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എ. പ്രദീപ് കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മാവേലി സ്റ്റോറുകളിലൂടെയും സപ്ലൈകോ ഔട്ട്‌ലെറ്റുകളിലൂടെയും ന്യായവിലയ്ക്ക് ലഭ്യമായിരുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളിൽ 5 ഇനം ഒഴിവാക്കുകയും ഉത്സവകാല ചന്തകൾ പേരിനുമാത്രമായി മാറ്റുകയും മൊത്ത വിതരണക്കാർക്ക് ലാഭമുണ്ടാക്കാൻവേണ്ടി ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിൽ കാലതാമസം വരുത്തുകയുമാണ് യു.ഡി.എഫ്. സർക്കാർ ചെയ്തത്. ഈ ഗവൺമെന്റ് എല്ലാ ജില്ലകളിലേയ്ക്കും മെട്രോഫെയറുകൾ വ്യാപിപ്പിക്കുകയും ഉത്സവകാല ചന്തകൾ പുനരാരംഭിക്കുകയും മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി 150 കോടി രൂപ ബഡ്ജറ്ററി സപ്പോർട്ട് നൽകുകയും ചെയ്തു.

ശ്രീ. എ. പി. അനിൽ കുമാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഒരു വർഷക്കാലത്തിനുള്ളിൽ ഉണ്ടായിട്ടുള്ള ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ആത്മപരിശോധന നടത്തണം. കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച പൊതുമരാമത്ത് വർക്കുകളുടെ പൂർത്തീകരണമാണ് ഈ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന് കൂടുതൽ തുക അനുവദിച്ചാൽ മാത്രമേ വർക്കുകൾ

യഥാസമയം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചത്. ഭക്ഷ്യ മേഖല വൻതകർച്ച അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിൽനിന്നും അർഹമായ അരി, മണ്ണെണ്ണ, പഞ്ചസാര, മറ്റ് ഭക്ഷ്യധാന്യങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. 'ഒരു രൂപയ്ക്ക് ഒരു കിലോ അരി' എന്ന കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപനം അധികാരമേറ്റ് നൂറ് ദിവസത്തിനുള്ളിൽ പ്രാവർത്തികമാക്കുന്നതിനും സമയബന്ധിതമായി റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനും പെട്രോളിന്റെയും ഡീസലിന്റെയും വിലക്കയറ്റം തടയുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചു. ഭക്ഷ്യധാന്യങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ ഈ സർക്കാർ പരാജയപ്പെടുകയും റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുകയുമാണുണ്ടായത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സഭയിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പല നിർമ്മാണപ്രവർത്തനങ്ങളും ഈ ഗവൺമെന്റ് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച വർക്കുകളിൽ 25 എണ്ണത്തിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. റോഡുകളുടെ അറ്റകുറ്റപ്പണികൾ നല്ല രീതിയിൽ നടത്തി അഴിമതി നിർമ്മാർജ്ജനം ചെയ്തുവരുന്നു.

മെയിന്റനൻസിനായി അനുവദിച്ച തുകയിൽ ഇതുവരെ 384 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ കാലയളവിനുള്ളിൽ നാഷണൽ ഹൈവേയിലെ കുഴികളടക്കം 2642 വർക്കുകൾ ഏറ്റെടുത്തതിൽ 1400 വർക്കിന് എ.എസ്. കൊടുത്ത് ടെണ്ടർ നടപടികളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അത്യാധുനിക ടെക്നോളജി ഉപയോഗിച്ച് കേരളത്തിൽ വീതിയുള്ള റോഡുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. കോൺട്രാക്ടർമാരുടെ രജിസ്ട്രേഷൻ കാലയളവ് 2018 മാർച്ച് 31 വരെ നീട്ടിക്കൊടുക്കാൻ ഉദ്ദേശിക്കുന്നു. തീരദേശ റോഡുകളുടെയും മലയോര ഹൈവേകളുടേയും അലൈൻമെന്റ് പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്. സംസ്ഥാനത്തെ 2,300-ഓളം പാലങ്ങളിൽ 606 പാലങ്ങൾ മാത്രമാണ് പൂർണ്ണമായും കുറ്റമറ്റതായിട്ടുള്ളത്. അടിയന്തരമായി മാറ്റേണ്ട 365 പാലങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ നവീകരിക്കുകയും ആവശ്യമായവ പുനർനിർമ്മിക്കുകയും ചെയ്യുന്നതോടൊപ്പം എം.എൽ.എ.-മാരിൽ നിന്ന് ഗസ്റ്റ് ഹൗസിന് സമാനമായ ചാർജ്ജ് ഈടാക്കാനും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈടാക്കിയ അമിതചാർജ്ജ് തിരിച്ചു നൽകാനും നടപടിയെടുത്തിട്ടുണ്ട്. പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1367 പേരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ

കരാറുകാരുടെ കുടിശ്ശിക പൂർണ്ണമായും നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് റോഡ് ഫണ്ട് ബോർഡിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ക്യാബിനറ്റ് തീരുമാനപ്രകാരം 90 എഞ്ചിനീയർമാരെ ഡിപ്ലോയ് ചെയ്യുകയും ഡിസൈനിംഗിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ഓഫീസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലകൾതോറും മരാമത്ത് വകുപ്പിന്റെ ലബോറട്ടറികൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 2018 മേയ് 31-ന് മുൻപ് കൊല്ലം-ആലപ്പുഴ ബൈപ്പാസ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച 4 ഫ്ലൈ ഓവറുകൾ തുറക്കുകയും കോഴിക്കോട് ഫ്ലൈ ഓവറിന്റെ പണി തുടരുകയും വൈറ്റിലയിലും കുണ്ടന്നൂരിലും ഫ്ലൈ ഓവറുകൾ നിർമ്മിക്കാൻ ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട്. 8 ടോളുകൾ നിർത്തലാക്കുകയും നിലവിൽ ടോൾ പിരിവിന്റെ കാര്യം മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതുമാണ്. നിയമസഭയുടേയും എം.എൽ.എ. ഹോസ്റ്റലിലേയും റോഡുകൾ സഭാസമ്മേളനം കഴിഞ്ഞശേഷം അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ജില്ലാ കളക്ടറേറ്റുകളിലേയും മെഡിക്കൽ കോളേജുകളുടേയും പരിസരങ്ങൾ മെച്ചപ്പെടുത്താനും ശുചീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി എല്ലാ പി.ഡബ്ല്യു.ഡി. ഓഫീസുകളേയും ബന്ധിപ്പിച്ചുകൊണ്ട് കമ്പ്യൂട്ടർ

സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കയ്യേറ്റമൊഴിപ്പിക്കുന്നതിനായി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ശക്തമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, കണ്ണൂർ ജില്ലകളിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ പണി കേരള റോഡ് ഫണ്ട് ബോർഡ് മുഖാന്തിരം ചെയ്യുന്നതാണ്. സുതാര്യവും സാങ്കേതിക മേന്മയുള്ളതും പ്രത്യക്ഷ ഫലം തരുന്നതും കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാത്തതുമായ വികസന പ്രവർത്തനങ്ങൾ നടത്തി അടിസ്ഥാന സൗകര്യ വികസന സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള പരിശ്രമങ്ങളാണ് നടത്തുന്നത്. വകുപ്പുമായി ബന്ധപ്പെട്ട് അംഗങ്ങൾ ഉന്നയിച്ച വിമർശനങ്ങൾ പരിശോധിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് അംഗങ്ങൾ നടത്തിയ അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു. ഭക്ഷ്യഭദ്രതാ നിയമം കർശനമായി നടപ്പാക്കണമെന്ന കേന്ദ്ര ഗവൺമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രസ്തുത നിയമം നടപ്പാക്കുക എന്ന വെല്ലുവിളിയാണ് ഈ ഗവൺമെന്റ് ആദ്യം ഏറ്റെടുത്തത്. മുൻഗണനാ-മുൻഗണനേതര പട്ടിക തയ്യാറാക്കി റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനായി യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറാക്കിയ വിവരശേഖരങ്ങളുടെ അടിസ്ഥാനത്തിലുള്ള

കരട് പ്രസിദ്ധീകരിച്ച് റേഷൻ വിതരണം നടത്താനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച പരാതികൾ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വെരിഫിക്കേഷൻ അപ്പീൽ കമ്മിറ്റികൾ പരിശോധിച്ച് ഭേദഗതി വരുത്തിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അതനുസരിച്ചുള്ള നടപടിക്രമങ്ങളുമായി മുന്നോട്ട് പോകുകയുമാണ്. കൊല്ലത്ത് ആരംഭിച്ച വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം വിജയകരമായതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിലും പദ്ധതി നടത്തിവരുന്നു. ശേഷിക്കുന്ന ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള ഭക്ഷ്യധാന്യ സംഭരണം നടന്നുവരികയാണ്. ഇടനിലക്കാരെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് സംസ്ഥാനത്തെമ്പാടും വാതിൽപ്പടി വിതരണത്തിനാവശ്യമായ ധാന്യം സംഭരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനായി ഉപയോഗിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. റേഷൻ കടകളിൽ ഇ-പോസ്റ്റ് സംവിധാനം ഏർപ്പെടുത്തുന്നതാണ്. മേയ് മാസം അവസാനത്തോടെ എല്ലാ ജില്ലകളിലും റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതാണ്. എൻ.എഫ്.എസ്.എ. നടപ്പാക്കുമ്പോഴുണ്ടാകുന്ന ആശങ്കകളെക്കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്മേൽ പ്രാഥമിക ചർച്ച പൂർത്തിയാക്കിയിട്ടുണ്ട്. സമിതി

ശിപാർശയുടെ അടിസ്ഥാനത്തിൽ 350-ൽ താഴെ കാർഡുകളുള്ള റേഷൻ കടകളെ സംയോജിപ്പിക്കുന്നതിനും 1500-ൽ കൂടുതൽ കാർഡുകളുള്ള റേഷൻ കടകളെ വിഭജിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളുടെ എണ്ണത്തിൽ കുറവുവരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. പുറത്തുനിന്നും അരിയെത്തിച്ച് പൊതുമാർക്കറ്റിൽ വിലകുറച്ചു വിൽപ്പന നടത്തിയും 1500-ലധികം വരുന്ന മാവേലി സ്റ്റോറുകളിലൂടെ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കിയും നിരവധി അരിക്കടകൾ തുറന്ന് പ്രവർത്തിപ്പിച്ചും സംസ്ഥാനത്ത് അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ട്. മാവേലി സ്റ്റോറുകൾ വഴി 16 ഇനം ഉല്പന്നങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നുണ്ട്. ഉപഭോക്തൃ തർക്കപരിഹാര ജില്ലാ ഫോറങ്ങളുടെയും സംസ്ഥാന കമ്മീഷന്റെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതാണ്. നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവുണ്ടാകുമ്പോൾ മാർക്കറ്റിലുണ്ടാകുന്ന ചലനങ്ങൾ മനസ്സിലാക്കുന്നതിനും മുൻകൂർ നടപടി സ്വീകരിക്കുന്നതിനുമായി വിവിധ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ച് പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ട്രൈബൽ ഊരുകളിൽ അരിക്കുപുറമേ തിന, റാഗി, ചോളം തുടങ്ങിയ ചെറുധാന്യങ്ങൾകൂടി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. റേഷൻ കടകൾ നവീകരിക്കുന്നതിനും അവശ്യസാധനങ്ങൾ റേഷൻ കടകൾവഴി വിതരണം

ചെയ്യുന്നതിനും ആതുരാലയങ്ങളിലും അനാഥാലയങ്ങളിലും മറ്റും താമസിക്കുന്നവർക്ക് റേഷൻ കാർഡ് നൽകി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. സപ്ലൈകോ/റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ട തുടർന്നും വിതരണം ചെയ്യുന്നതാണ്. അഴിമതിരഹിതവും കാര്യക്ഷമവുമായ പൊതുവിതരണ രംഗം കെട്ടിപ്പടുക്കുന്നതിന് എല്ലാവരുടെയും പിന്തുണ ആവശ്യമാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും 32-നെതിരെ 77 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## IX അറിയിപ്പ്

### <u>ചിത്രപ്രദർശനം</u>

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗവൺമെന്റ് ഹൈസ്കൂളിലെ ആറാം ക്ലാസ് വിദ്യാർത്ഥിനിയായ കുമാരി റോസ് മരിയ സെബാസ്റ്റ്യൻ വരച്ച ബഹുമാനപ്പെട്ട ഗവർണ്ണറുടെയും നിയമസഭാ സാമാജികരുടെയും ചിത്രങ്ങളുടെ പ്രദർശനം നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടക്കുകയാണ്. സഭാ സമ്മേളനത്തിനുശേഷം അംഗങ്ങൾക്ക് പ്രദർശനം

വീക്ഷിക്കാവുന്നതാണ്.

സഭ വൈകുന്നേരം 4.10-ന് പിരിഞ്ഞു.

******